**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1573** **16-10-2026-ൽ മറുപടിയ്ക്ക്**

**ഓപ്പറേഷൻ കളരി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. ടി. ജെ. വിനോദ്

ശ്രീ. എ. ഡി. തോമസ്

ശ്രീമതി രമ്യ ഹരിദാസ്

ശ്രീ. സന്ദീപ് വാര്യർ

**മറുപടി നൽകിയ മന്ത്രി**

ശ്രീ. ഒ. ജെ. ജനീഷ്
(കായികം, യുവജനകാര്യം, രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്തെ കായിക മേഖലയുടെ സമഗ്ര വികസനത്തിനായി ഓപ്പറേഷൻ കളരി എന്ന പേരിൽ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; പ്രസ്തുത പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

**മറുപടി:** "Operation KALARI" (Kerala Alliance for Local Athletic Revamp and Infrastructure) സംസ്ഥാനത്ത് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. നിലവിലുള്ള കായിക ആസ്തികളുടെ സമഗ്രമായ അറ്റകുറ്റപ്പണി, നവീകരണം, സൗന്ദര്യവൽക്കരണം, ഉപകരണവൽക്കരണം, പരിപാലനം എന്നിവയ്ക്കായി കോർപ്പറേറ്റ് സ്ഥാപനങ്ങൾ, വ്യക്തികൾ, കൂട്ടായ്മകൾ എന്നിവരുടെ പങ്കാളിത്തം ഉറപ്പാക്കുന്ന സർക്കാർ-പൊതുജന-സ്വകാര്യ-പങ്കാളിത്ത-പദ്ധതിയാണ് Operation KALARI. കായിക വകുപ്പ്, കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ, ജില്ലാ സ്പോർട്സ് കൗൺസിലുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ (LSG) എന്നിവയുടെ കീഴിലുള്ള വിവിധ കായിക ആസ്തികൾ സ്പോൺസർമാരുടെ സഹായത്തോടെ അറ്റകുറ്റപ്പണി നടത്തുക, നവീകരിക്കുക, ആവശ്യമായ കായിക ഉപകരണങ്ങൾ ലഭ്യമാക്കുക, അവ കൃത്യമായി പരിപാലിക്കുക എന്നിവയാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം.

**(ബി)** ഏതെല്ലാം സ്ഥാപനങ്ങളെ ഉൾപ്പെടുത്തിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നതെന്നും എവിടെയൊക്കെയാണ് ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ;

**മറുപടി:** ഈ പദ്ധതിയുടെ പരിധിയിൽ സ്റ്റേഡിയങ്ങൾ, മിനി സ്റ്റേഡിയങ്ങൾ, ഇൻഡോർ സ്റ്റേഡിയങ്ങൾ, ഇൻഡോർ കോർട്ടുകൾ, ഫുട്ബോൾ, ഹോക്കി, ക്രിക്കറ്റ്, വോളിബോൾ, ബാസ്കറ്റ് ബോൾ, ടെന്നീസ്, ബാഡ്മിന്റൺ, ഹാൻഡ്ബോൾ എന്നിവയ്ക്കുള്ള കളിക്കളങ്ങളും കോർട്ടുകളും, അത്‌ലറ്റിക് ട്രാക്കുകൾ, പരിശീലന ഗ്രൗണ്ടുകൾ, നീന്തൽക്കുളങ്ങൾ, അക്വാട്ടിക് സൗകര്യങ്ങൾ, സ്പോർട്സ് ഹോസ്റ്റലുകൾ, കായികതാരങ്ങൾക്കുള്ള താമസസൗകര്യങ്ങൾ, ജിംനേഷ്യങ്ങൾ, ഫിറ്റ്നസ് സെന്ററുകൾ, ശക്തിവർധന പരിശീലന ഹാളുകൾ, സ്പോർട്സ് അക്കാദമികൾ, പരിശീലന കേന്ദ്രങ്ങൾ, ജില്ലാ സ്പോർട്സ് കൗൺസിൽ സൗകര്യങ്ങൾ എന്നിവയും പദ്ധതിയുടെ ഭാഗമാണ്. ഗാലറികൾ, പവലിയനുകൾ, ചേയിഞ്ചിങ്ങ് റൂം, ശുചിമുറികൾ, കുടിവെള്ള സംവിധാനങ്ങൾ, ലൈറ്റിംഗ്,

പാതകൾ, പ്രവേശന കവാടങ്ങൾ എന്നിവയുടെ നവീകരികരണം ഉൾപ്പെടുന്നു. കായിക ഉപകരണങ്ങൾ, സ്കോർബോർഡുകൾ, ഡിജിറ്റൽ ബോർഡുകൾ, ടൈമിംഗ് സിസ്റ്റങ്ങൾ, സുരക്ഷാ ഉപകരണങ്ങൾ എന്നിവയും വനിതാ കായികതാരങ്ങൾ, കുട്ടികൾ, ഭിന്നശേഷിക്കാർ എന്നിവർക്ക് അനുയോജ്യമായ സൗകര്യങ്ങളും സർക്കാർ അല്ലെങ്കിൽ നിർദ്ദിഷ്ട സമിതി അംഗീകരിക്കുന്ന മറ്റ് കായിക ആസ്തികളും ഈ പദ്ധതിക്ക് കീഴിൽ ഉൾപ്പെടുന്നു.

**(സി)** കായികതാരങ്ങൾക്ക് മികച്ച പരിശീലന സൗകര്യങ്ങൾ ഒരുക്കി ഒളിമ്പിക്സ് ഉൾപ്പെടെയുള്ള ദേശീയ-അന്താരാഷ്ട്ര മത്സരങ്ങൾക്ക് പ്രാപ്തമാക്കുക എന്നതാണോ ഓപ്പറേഷൻ കളരി കൊണ്ട് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**മറുപടി:** കായിക വകുപ്പ്, കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ, ജില്ലാ സ്പോർട്സ് കൗൺസിലുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ (LSG) എന്നിവയുടെ കീഴിലുള്ള വിവിധ കായിക ആസ്തികൾ സ്പോൺസർമാരുടെ സഹായത്തോടെ അറ്റകുറ്റപ്പണി നടത്തുക, നവീകരിക്കുക, ആവശ്യമായ കായിക ഉപകരണങ്ങൾ ലഭ്യമാക്കുക, അവ കൃത്യമായി പരിപാലിക്കുക എന്നിവ വഴി കായികതാരങ്ങൾക്ക് മികച്ച അന്താരാഷ്ട്ര നിലവാരത്തിലുള്ള പരിശീലന കായിക സൗകര്യങ്ങൾ ഒരുക്കാൻ ഈ പദ്ധതി മുഖേന കഴിയും. കൂടാതെ നാടിന്റെ പൊതുവായ കായിക സംസ്കാരവും കായികക്ഷമതയും വലിയ രീതിയിൽ മെച്ചപ്പെടുന്നതോടൊപ്പം വിദ്യാർത്ഥികളുടെയും യുവാക്കളുടെയും കായിക മേഖലയിലെ പങ്കാളിത്തം ഗണ്യമായി വർദ്ധിപ്പിക്കാനും ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

**സെക്ഷൻ ഓഫീസർ**